കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറുകാവ് ഗ്രാമപഞ്ചായത്ത് - SGRY പദ്ധതി മാർഗ്ഗ നിർദ്ദേശം മറികടന്ന് ഭക്ഷ്യ ധാന്യം വിതരണം ചെയ്ത പഞ്ചായത്തിന്റെ നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 3019/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 02/11/2012

പരാമർശം:- 1) ചെറുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 22/07/2011-ലെ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 27/02/2012-ലെ എൽ.എഫ്. 20364/സ്പെ.സെൽ/എസ്.സി.ഡി11/11 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2003-04-ലെ ഓഡിറ്റ് പരാമർശം 3(4) അനുസരിച്ച് SGRY പദ്ധതിയിൽ സബ്സിഡി ഇനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ട 60,174/- രൂപ (അറുപതിനായിരത്തി നൂറ്റി എഴുപത്തിനാല് രൂപ മാത്രം) ഉത്തരവാദിയായ മുൻസെക്രട്ടറിയിൽ നിന്നും ഈടാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

സർവ്വീസിൽ നിന്നും വിരമിച്ച് കാൻസർ രോഗത്തിന് ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ പ്രസ്തുത ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി ഉത്തരവുണ്ടാകണമെന്ന 05/07/2011 ലെ 6(10)-ാം നമ്പർ പഞ്ചായത്ത് തീരുമാനം സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശം ഒന്ന് പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ഖണ്ഡിക 3-4-ലെ പരാമർശം വസ്തുതാപരമായി ശരിയാണെങ്കിലും വീഴ്ചക്കാരനും മേൽകാലയളവിൽ സെക്രട്ടറിയുമായിരുന്ന ശ്രീ. മോഹൻദാസിന്റെ ഗുരുതരമായ രോഗാവസ്ഥ പരിഗണിച്ച് സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാമെന്ന് പരാമർശം 2 മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 ഏപ്രിൽ മാസം മുതൽ SGRY പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിലും സമാനസ്വഭാവമുള്ള വിഷയത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശവും പാലക്കാട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശവും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് പഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4 പ്രകാരം തടസ്സപ്പെടുത്തിയ SGRY പദ്ധതി മാർഗ്ഗ നിർദ്ദേശം മറികടന്ന് ഭക്ഷ്യ ധാന്യം വിതരണം ചെയ്ത ചെറുകാവ് ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡണ്ട്/സെക്രട്ടറി, ചെറുകാവ് ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ